ഭരണഭാഷ - മാതൃഭാഷ

നം: DGE/11527/2026-sports2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 28-07-2026
ഇ-മെയിൽ : supdte.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- സ്പോർട്സ് 2026 ജെ.എൻ ഹോക്കി ടൂർണമെൻറ് സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന :- ജവഹർലാൽ നെഹറു ഹോക്കി ടൂർണമെന്റ് സൊസൈറ്റി ജനറൽ സെക്രട്ടറിയുടെ കത്ത് നം No. JHT/Dir.Edu./Sports/YSCC/Pub.Ins./2026-27 തീയതി 30.06.2026
2. 03.07.2026 ലെ ഇതേ നമ്പർ പരിപത്രം

******************

ജവഹർലാൽ നെഹ്റു ഹോക്കി ടൂർണമെൻറ് 2026 ന്റെ അണ്ടർ 17 ആൺ/പെൺ കുട്ടികളുടെ സംസ്ഥാനതല മത്സരങ്ങൾ 2026 ആഗസ്റ്റ് 01 മുതൽ 04 വരെ കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതാണ്. സബ് ജില്ല. റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലയിലെ സ്കൂൾ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. https://sports.kite.kerala.gov.inഎന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി വേണം ജില്ലയിൽ വിജയികളായ സ്കൂൾ ടീമുകൾ രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടത്

<u>രജിസ്ട്രേഷൻ സ്ഥലവും തീയതിയും ചുവടെ ചേർക്കുന്നു</u>

അണ്ടർ 17 പെൺ വിഭാഗം 31.07.2026 ന വൈകുന്നേരം 5.00 മണിക്ക് കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം

അണ്ടർ 17 ആൺ വിഭാഗം 1.08.2026 ന വൈകുന്നേരം 05.00 മണിക്ക് കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം.

മത്സരങ്ങൾ സമയബന്ധിതമായി തുടങ്ങുന്നതിന് ടീമുകൾ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് തന്നെ കൃത്യമായി രജിസ്ട്രേഷന് എത്തിച്ചേരണ്ടതാണ്.

<u>രജിസ്ട്രേഷനും താമസ സൗകര്യത്തിനുമായി ബന്ധപ്പെടേണ്ട ഫോൺ നം:</u>

<u>REGISTRATION</u>

1. SMITHA MATHEW (DISTRICT CO-ORDINATOR)
9447430769

2.PRADEEP KUMAR S (RDSGA SECRETARY)
94471770088,9747930975

<u>ACCOMODATION</u>

1.SHIBU GERMAN - 9495167054
2.SUNOJ SUGUTHAN - 9656441839
3.PRATHIBANJALI (For Girls)- 9995628875
4.NISHA B R (For Girls)- 7403421160

**നിർദ്ദേശങ്ങൾ**

1. സംസ്ഥാനതല ജെ.എൻ ഹോക്കി ടൂർണമെൻറ് മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ

I. https://sports.kite.kerala.gov.in ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് സ്കൂൾ പ്രിൻസിപ്പൽ/പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്. (1 കോപ്പി)

II. പ്രിൻസിപ്പൽ/പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റ് (1 കോപ്പി)

III.പ്രിൻസിപ്പൽ/പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ആധാർ സർട്ടിഫിക്കറ്റ് (1 കോപ്പി)

IV. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത ഒരു രേഖകളും രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിൻറെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർമാരെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽനോട്ടത്തിൽ

നിയമിക്കേണ്ടതാണ്. **<u>ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായി ഉണ്ടായിരിക്കണം.</u>**

3. ഓരോ ജില്ലയിൽ നിന്നും വിജയിച്ച സ്കൂളിലെ 16 (അണ്ടർ 17 ആൺ/പെൺ കാറ്റഗറി) മത്സരാർത്ഥികളും 1 കോച്ച്. 1 മാനേജർ എന്നിവരുമാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.

5. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ ചുമതലപ്പെടുത്തിയ അദ്ധ്യാപകനായിരിക്കണം ടീം മാനേജർ (പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ ടീം മാനേജർമാരായി അദ്ധ്യാപകരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും, ചുമതലപ്പെട്ട അദ്ധ്യാപകൻറെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്)

6 . **<u>പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായു ഉണ്ടായിരിക്കേണ്ടതാണ്. പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ ചുമതലപ്പെടുത്തുന്ന അദ്ധ്യാപിക ആയിരിക്കണം ടീം മാനേജർ,</u>** (പ്രിൻസിപ്പൽ / പ്രഥമാധ്യാപകൻ വനിത ടീം മാനേജരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും ചുമതലപ്പെട്ട അദ്ധ്യാപികയുടെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്).

7. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.

8. ടീം മാനേജരായി ചുമതലപ്പെടുത്തുന്ന അദ്ധ്യാപകർ ഹാജരാക്കേണ്ട പ്രിൻസിപ്പൽ /പ്രഥമാധ്യാപകന്റെ സർട്ടിഫിക്കേറ്റ് www.sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് പ്രിൻസിപ്പൽ /പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

9. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂൾ ടീമുകൾ സ്വന്തം ചിലവിൽ എത്തിച്ചേരേണ്ടതാണ്..

10. അക്കോമഡേഷൻറെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടക്കേണ്ടതാണ്. മുൻ കാലങ്ങളിൽ വിവിധ മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അക്കോമഡേഷൻ ഒരുക്കിയ സ്കൂളുകളിൽ കുട്ടികൾ നാശ നഷ്ടങ്ങൾ വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിൻറെ ഭാഗമായി കുട്ടികളോടൊപ്പം വരുന്ന ടീം മാനേജർ/അധ്യാപകർ എന്നിവർ കുട്ടികൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നത് തടയുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

11. എല്ലാ ടീം മാനേജർമാരും നിർബന്ധമായും ടീം മാനേജേഴ്സ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയം ചുവടെ ചേർക്കുന്നു.

**<u>ടീം മാനേജേഴ്സ് & ഫിക്സ്ച്ചർ മീറ്റിംഗ്</u>**

അണ്ടർ 17 പെൺ വിഭാഗം 31.07.2026 ന വൈകുന്നേരം 5.00 മണിക്ക് കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം

അണ്ടർ 17 ആൺ വിഭാഗം 1.08.2026 ന വൈകുന്നേരം 05.00 മണിക്ക് കൊല്ലം ന്യൂ ഹോക്കി സ്റ്റേഡിയം.

വിശ്വസ്തതയോടെ,

Digitally signed by
Ajith Vargheese
Date: 28-07-2026
16:51:29

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

1.എല്ലാ ആർ.ഡി.ഡിമാർക്കും (എല്ലാ സർക്കാർ/എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകൾക്കും, ഹയർ സെക്കണ്ടറി വിഭാഗം)

2.എല്ലാ എ.ഡി.മാർക്കും (എല്ലാ സർക്കാർ/എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകൾക്കും, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)

3.എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (എല്ലാ സർക്കാർ/എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകൾക്കും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)

4.എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (എല്ലാ സർക്കാർ/എയ്ഡഡ് അൺ എയ്ഡഡ് സ്കൂളുകൾക്കും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)